For Private Circulation Only

March 2019

ആഗമനാരുണൻ

Vol.66

“ അവനെ പരിഹസിച്ചു തീർന്നപ്പോൾ മേലങ്കി നീക്കി അവന്റെ സ്വന്ത വസ്ത്രം ധരിപ്പിച്ചു ക്രൂശിപ്പാൻ കൊണ്ടുപോയി ” (മത്താ.7:31)

No.3

ക്രൂശിക്കപ്പെട്ട യേശുവിനെ നോക്കുക

By Arthur W.Pink

“ അവനെ ക്രൂശിൽ തറച്ചശേഷം അവർ ചീട്ടിട്ടു അവന്റെ വസ്ത്രം പകുത്തെടുത്തു. അവിടെ ഇരുന്നു കൊണ്ട് അവനെ കാത്തു ” (മത്താ. 27:35,36). റോമൻ പടയാളികളെ സംബന്ധിച്ച ഒരു വേദഭാഗമാണിത്. യോഹന്നാൻ 19:23-ലും മത്തായി 27:54ലും അത് വ്യക്തമാക്കുന്നു. പീലാത്തോസ് ബറബ്ബാസിനെ അവർക്ക് വിട്ടുകൊടുത്തിട്ട് രക്ഷകനെ മരണത്തിനായി ഏല്പിച്ചുകൊടുത്തു(മത്താ. 27:26,27). ഏറ്റവും ക്രൂരമായി അവർ ആ പ്രവർത്തി ചെയ്തു. യേശുവിനെ ഉപദ്രവിച്ചു മുറിവേല്പിച്ചു, പരിഹസിച്ചു, മുൾക്കിരീടം വച്ചു, ചുവന്ന വസ്ത്രം ധരിപ്പിച്ചു. രാജാവേ ജയ ജയ എന്ന് പരിഹസിച്ചാർത്തു. ഏറ്റവും നിഷ്ഠൂരമായി പെരുമാറി, അവിടുത്തെ മുഖത്ത് തുപ്പി, മുഷ്ടി ചുരുട്ടി മുഖത്തടിച്ചു, പരിഹസിച്ചു, ഗോൽഗോഥായിലേക്ക് നടത്തി ക്രൂശിൽ തറച്ചു. അവിടുത്തെ വസ്ത്രം അവർ പകുത്തെടുത്തു, യേശുവിനു പ്രയിപ്പെട്ടവർ ആരെങ്കിലും വന്ന് യേശുവിനെ രക്ഷിക്കാതിരിക്കേണ്ടതിന് മരണം ഉറപ്പാകുന്നതുവരെ അവർ യേശുവിനെ കാത്തു.

അവർ എന്തു കണ്ടു

1. സകല ചരിത്ര സംഭവങ്ങളിലും വച്ച് ഏറ്റവും അത്ഭുതകരമായ സംഭവം അവർ കണ്ടു, ഒരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്ത ഏറ്റവും കൗതുകകരമായ കാഴ്ച അവർ കണ്ടു, ഏറ്റവും മഹത്വകരവുമായ രേഖയായി അതു മാറി.

ജഡത്തിൽ അവതരിച്ച ദൈവം ദുഷ്ടന്മാരുടെ കൈകളാൽ കൊല്ലപ്പെട്ടു എന്ന് അവർ ശ്രദ്ധിച്ചു. എന്നാൽ യേശു മാനവജാതിക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുക്കയത്രേ ചെയ്തത്. പടയാളികൾക്ക് അത് ഒരു സാധാരണ സംഭവമായിരുന്നു. ഒരു കുറ്റവാളിയെ കൊന്നു. എന്നാൽ സുവിശേഷം ശ്രദ്ധിക്കുന്നവർക്ക് അത് ഒരു ആത്മീയ അനുഭവമായിത്തീരുന്നു. റോമൻ പുടയാളികൾക്ക് അല്പ നേരത്തേയ്ക്കെങ്കിലും തോന്നുന്നത്, ക്രിസ്തു ഒരു മരിക്കുന്ന യഹൂദനായിട്ടാണ്. അങ്ങനെ ഇന്ന് അനേകർക്ക് “കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യമില്ലാത്ത രൂപഗുണമില്ലാത്ത ആളാണ് യേശു”. അവിടുത്തെ വ്യക്തിത്വം, നീതിയുടെ വചനങ്ങൾ, അവിടുത്തെ അധികാരം, പാപപരിഹാര രക്തം ഇതൊന്നും അവർക്ക് ആവശ്യമില്ല.

2. ക്രൂശിൽ സംഭവിച്ചത് സമാനതകളില്ലാത്ത സംഭവങ്ങളായിരുന്നു എന്ന് അവർ ശദ്ധിച്ചു. മറ്റേതൊരു സംഭവങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ അനുഭവങ്ങളാണ് രക്ഷകന്റെ കഷ്ടതകളിലൂടെ അവർ കണ്ടത്. യേശു ആരെയും ശപിച്ചില്ല, ശത്രുക്കളെ അധിഷേപിച്ചില്ല, ഒരു മോശമായ പെരുമാറ്റവും അവരോട് കാണിച്ചില്ല. എപ്പോഴും അവിടുത്തെ അധരങ്ങൾ പ്രാർത്ഥനയിൽ ചലിച്ചിരുന്നു. അവൻ പറയുന്നു പിതാവേ, അവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് അവരോട് ക്ഷമിക്കണമേ (ലൂക്കൊ. 23:34). ആ പടയാളികൾ നിശ്ചയമായും അത്ഭുതപ്പെട്ടു കാണും, വാഴ്ത്തപ്പെട്ട കർത്താവിന്റെ ക്രൂശിൽ നിന്നുമുള്ള ശത്രുക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥന. അതിക്രമക്കാർക്കുവേണ്ടി ഇടനിന്നുകൊണ്ട് യെശ. 53:12. യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ട കള്ളന്മാരും യേശുവിനെ നിന്ദിച്ചു (മത്താ. 27:44). എന്നാൽ ഒടുവിൽ അവരിൽ ഒരുവൻ യേശുവിങ്കലേയ്ക്ക് തിരിഞ്ഞ് പറഞ്ഞു, “യേശുവേ നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെ ഓർത്തു കൊള്ളണമേ എന്ന് പറഞ്ഞു ” (ലൂക്കോ. 23:42). കരുണ അർഹിക്കാതവണ്ണം അവന്റെ പാപം അതി കഠിനമായിരുന്നു എങ്കിലും കർത്താവ് അവന്റെ അപേക്ഷ നിരസിച്ചില്ല. കർത്താവ് മറുപടി പറഞ്ഞു; “ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും ” (ലൂക്കോ. 23:43). അങ്ങനെ തുല്യം പറയുവാൻ കഴിയാത്ത ദൈവകൃപയുടെ പ്രദർശനത്തിന് അവർ സാക്ഷികളായി.

3. ഏറ്റവും മർമ്മ പ്രധാനമായ സംഭവം അവർ ശ്രദ്ധിച്ചു. ആരാലും യേശു രക്ഷപ്പെടരുത് എന്ന് പടയാളികൾ കാത്തു ഇരിക്കുമ്പോൾ അവർ നിസഹായരായിത്തീരുന്ന ആ സംഭവമുണ്ടായി, ആറാം മണി നേരം എന്ന ആ നട്ടുച്ച സമയം അർദ്ധരാത്രിയായി മാറി, “ആറാം മണി നേരം മുതൽ ഒമ്പതാം മണി നേരം വരെ ദേശത്ത് എല്ലാ ഇരുട്ടുണ്ടായി” (മത്താ. 27:45). സൂര്യൻ ആ കാഴ്ച കാണുവാൻ കഴിയാതെ കണ്ണടച്ചു, പ്രകാശം കൊടുത്തില്ല, ആ കാഴ്ചകണ്ട് പ്രകൃതി ദു:ഖത്തോടെ കണ്ണടച്ചു. ആ മൂന്ന് മണിക്കൂറുകളിൽ മനുഷ്യന്റെ കണ്ണുകൾക്ക് കാണാൻ കഴിയാത്ത ദൈവത്തിന്റെ നിത്യമായ പദ്ധതിയെ സംബന്ധിച്ച് ക്രിസ്തുവും പിതാവുമായി ആശയവിനിമയം നടത്തി. പെട്ടെന്ന് രക്ഷകൻ തന്റെ ആത്മാവിനെ പിതാവിന്റെ കയ്യിൽ കൊടുത്തു. അപ്പോൾ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി, ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്ര പ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേറ്റു (മത്താ. 27, 51,52). അവിടുന്ന് സാധാരണ കഷ്ടപ്പെടുന്ന ഒരു വനായിരുന്നില്ല. ഇവിടെ ആകാശവും ഭൂമിയും ദൈവത്തോടു ബഹുമാനം കാണിച്ചു.

“ ശതാധിപനും അവനോടുകൂടെ യേശുവിനെ കാത്തു നിന്നവർക്കും ഭൂകമ്പം മുതലായവ സംഭവിച്ചതു കണ്ടിട്ട് അവൻ ദൈവപുത്രനും ആയിരുന്നു സത്യം എന്ന് പറഞ്ഞ് ഏറ്റവും ഭയപ്പെട്ടു” (മത്താ. 27:54).

(ശേഷം 5-ാംപേജിൽ)

ഡോ.ജോൺ സ്കഡർ : മെഡിക്കൽ മിഷനറി

(മൂന്നാം ഭാഗം)

1819-ൽ ജോൺസ്കഡറും ഹാരിയറ്റും തങ്ങളുടെ വീടും കുടുംബവും ന്യൂയോർക്കിൽ വിജയകരമായി ചെയ്തുകൊണ്ടിരുന്ന ഡോ. സ്കഡറിന്റെ മെഡിക്കൽ പ്രാക്ടീസും വിട്ട് സിലോണിൽ സുവിശേഷവേലയ്ക്കു വേണ്ടി വന്നു. വളരെ വേഗം ഡോ, സ്കഡറിന്റെ കഴിവുകൾ വ്യാപകമായി അംഗീകരിക്കപ്പെടുകയും ധാരാളം ആളുകൾ തന്നെത്തേടി എത്താൻ തുടങ്ങി. സുവിശേഷം പറയുവാനും പ്രസംഗിപ്പാനും ലഘുലേഖകൾ കൊടുക്കാനും കിട്ടിയ സുവർണ്ണാവസരം അദ്ദേഹം നന്നായി പ്രയോജപ്പെടുത്തി. കൂടുതൽ ആളുകളെ കണ്ടെത്തുന്നതിനായി അദ്ദേഹം സിലോണിടുടനീളം ദീർഘമായ യാത്രകൾ നടത്തി. ഡോക്ടർ എന്ന നിലയിൽ വിശ്രമമില്ലാത്ത ജോലിയും കാലാവസ്ഥയുടെ ചൂടും ദീർഘമായ യാത്രകളും ക്രമേണ അദ്ദേഹത്തിന്റെ ആരോഗ്യത്തെ ബാധിക്കാൻ തുടങ്ങി. തന്റെ ആരോഗ്യം വീണ്ടെടുക്കാൻ വേണ്ടി മിഷൻ അദ്ദേഹത്തെ ഇൻഡ്യയിലെ നീലഗിരിയിലേക്കയച്ചു. ഒരു വർഷത്തിനുശേഷം നല്ല ആരോഗ്യത്തോടെ അല്ലെങ്കിലും അല്പം ഭേദത്തോടെ സിലോണിലേയ്ക്ക് മടങ്ങി.

ഇൻഡ്യയിലേയ്ക്കുള്ള തന്റെ സന്ദർശനം മറ്റൊരു വഴിത്തിരിവുണ്ടാക്കി. ഇൻഡ്യൻ ഉപ ഭൂഖണ്ഡത്തിന്റെ വിശാലതയും എന്നാൽ ഇവിടെയുള്ള വേലക്കാരുടെ അഭാവവും 1836-ൽ റവ. മിറോൺ വിൻസ്ലോയുമായി കൂട്ടുചേർന്ന് മദ്രാസിൽ ഒരു പുതിയ പ്രവർത്തനം തുടങ്ങുവാൻ ഇടയായി. സിലോണിനെ വളരെയധികം സ്നേഹിച്ചിരുന്നെങ്കിലും ഇൻഡ്യയിലെ വിശാലമായ സാദ്ധ്യതകളെ കണക്കിലെടുത്ത് ഇൻഡ്യയിൽ പ്രവർത്തിക്കുവാൻ തീരുമാനിച്ചു.

തന്റെ പദ്ധതികൾ സിലോണിലേതുപോലെ തന്നെ യായിരുന്നു. വേഗത്തിൽ ഒരു അച്ചടിശാല സ്ഥാപിച്ചു. റവ. വിൻസ് ലോ അച്ചടി ശാലയുടെ ചുമതല വഹിച്ചു. ഡോ. സ്കഡർ തന്റെ കാളവണ്ടിയിൽ ലഘുലേഖകൾ നിറച്ചു ദീർഘമായ യാത്രകൾ നടത്തി ദൈവവചനം പ്രസംഗിക്കയും ലഘുലേഖകൾ വിതരണം ചെയ്തും കൊണ്ടിരുന്നു. ലഘു ലേഖകളുടെ ആവശ്യവും വർദ്ധിച്ചു. ഭക്ഷണത്തിനുപോലും സമയം കണ്ടെത്താതെ ഒരു ദിവസം പതിനൊന്നു മണിക്കൂർ താൻ സഞ്ചരിച്ചു.

വീട്ടിലേയ്ക്കുള്ള എഴുത്തുകൾ

തന്റെ ഭാര്യയുടെ മദ്രാസിലുള്ള തനിച്ചുള്ള വാസം സംബന്ധിച്ച പരീക്ഷകൾ ചെറുതായിരുന്നില്ല. തന്റെ ഭർത്താവിന് എന്ത് സംഭവിക്കുന്നു എന്നു അറിയാൻ കഴിഞ്ഞിരുന്നില്ല. ആ കാലഘട്ടത്തിൽ അവരുടെ ബന്ധം

(ശേഷം 4-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“തളർന്ന കൈകളെ ബലപ്പെടുത്തുവിൻ; കുഴഞ്ഞ മുഴങ്കാലുകളെ ഉറപ്പിപ്പിൻ; മനോഭീതിയുള്ളവരോടു: ധൈര്യപ്പെടുവിൻ, ഭയപ്പെടേണ്ട; ഇതാ നിങ്ങളുടെ ദൈവം; പ്രതികാരവും ദൈവത്തിന്റെ പ്രതിഫലവും വരുന്നു; അവൻ വന്നു നിങ്ങളെ രക്ഷിക്കും. അന്നു കുരുടന്മാരുടെ കണ്ണു തുറന്നു വരും, ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കയുമില്ല. അന്നു മുടന്തൻ മാനിനെപ്പോലെ ചാടും; ഊമന്റെ നാവും ഉല്ലസിച്ചുഘോഷിക്കും” (യെശ.35:3-6)

2019-ാം വർഷത്തിന്റെ ഫെബ്രുവരി മാസം നമ്മെ വിട്ട് കടന്നു പോയി 2019 മാർച്ച് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നാം ദൈവത്തോട് അടുത്തു ചെല്ലണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവം നമ്മോടുകൂടെയുണ്ട്.യ നമ്മുടെ വേദനകൾ, രോഗങ്ങൾ എല്ലാം തന്നെ യേശു ഏറ്റെടുത്തിരിക്കുന്നു. ദൈവം പറയുന്ന കാര്യങ്ങളെ അനുസരിക്കുവാൻ നാം തയ്യാറാകുക. കഷ്ടത നിറഞ്ഞ ലോകത്തെ ജയിച്ച ജയാളിയായ യേശുകർത്താവിൽ നിന്ന് നമുക്ക് ധൈര്യം പ്രാപിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** *സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുദ്ധമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ദൈവം തന്റെ മക്കൾക്കുവേണ്ടി ഒരുക്കിയിരിക്കുന്നത് ഒരിക്കലും ഒരു മനുഷ്യന്റെ ഹൃദയത്തിലോ ചിന്താ മണ്ഡലത്തിലോ നിരൂപിക്കുവാനും ഉൾക്കൊള്ളുവാനും സാധ്യമല്ല. അത്രയും ശ്രേഷ്ടമാണത്. നാം മടുത്തുപോകാതെ വിശ്വാസത്തോടെ ദൈവസന്നിധിയിൽ അടുത്തു ചെല്ലാം. അതുകയാൽ ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിച്ച് വിശുദ്ധിയോടെ മുന്നോട്ട് പോകുവാൻ നമുക്കു തീരുമാനിക്കാം.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

പുനരുദ്ധാനത്തിന്റെ ശക്തി

By Charles H.Spurgeon

(1834 -1892)

" അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവനേയും അവന്റെ പുനരുദ്ധാനത്തിന്റെ ശക്തിയെയും അനുഭവിച്ചറിയേണ്ടതിനും" (ഫിലി. 3:10).

കർത്താവിനെയും അവിടുത്തെ പുനരുദ്ധാനശക്തിയെയും അറിയുവാൻ അപ്പൊസ്തലനായ പൗലൊസ് എപ്പോഴും ആഗ്രഹിച്ചതുപോലെ നിങ്ങളും യേശുവിനെയും അവിടുത്തെ പുനരുദ്ധാനശക്തിയെയും അറിയണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി യേശു, പിന്നെ അവിടുത്തെ പുനരുദ്ധാനത്തിന്റെ ശക്തി. ഉപദേശത്തിലോ, ചിന്താഗതിയിലോ അനുഭവത്തെ സംബന്ധിച്ചോ യേശുവിനെ കൂടാതെ മറ്റൊരു വ്യക്തിയെ പരിഗണിക്കാനുണ്ടെങ്കിൽ അത് അപ്പോസ്തലനായ പൗലൊസാണ്. യേശുവിനെയും അവിടുത്തെ ഒഴിഞ്ഞ കല്ലറയും ഇല്ലാത്ത ഉപദേശം വ്യർത്ഥമായതാണ്. യേശുക്രിസ്തുവിനെക്കുറിച്ചുള്ള ഉപദേശം മഹത്വമുള്ള ഒരു ഉയർന്ന സിംഹാസനമാണ്. അതിൽ രാജാവ് ഇരിക്കുന്നു. യേശുവിനെ കൂടാതെയുള്ള കല്പനകൾ അടിസ്ഥാനമില്ലാത്തതാണ്. യേശുവിന്റെ അധരങ്ങളിൽ നിന്നുള്ള തേൻമൊഴികൾ ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയാണ്. യേശുവിനെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല, യേശുവിൽ വസിക്കുമ്പോൾ കൂടുതൽ ഫലം കായ്ക്കും. എപ്പോഴും നിങ്ങളുടെ പ്രസംഗവും ലക്ഷ്യവും കർത്താവായ യേശു ആയിരിക്കട്ടെ. അത് നിങ്ങളുടെ പ്രസംഗത്തെ വ്യത്യസ്തമാക്കും. ശുശ്രൂഷകൻമാർക്ക് അഭിഷേകം ഇല്ലാതെ ഉപദേശം പ്രസംഗിക്കുവാൻ കഴിയും, എന്നാൽ അഭിഷേകത്തോടെ വാഴ്ത്തപ്പെട്ട കർത്താവിനെ പ്രസംഗിക്കുമ്പോൾ കിട്ടുന്ന അനുഭവം മറ്റാർക്കും തരാൻ സാദ്ധ്യമല്ല. യേശുക്രിസ്തു പരിശുദ്ധാത്മാവിനാൽ സത്യ ശുശ്രൂഷയുടെ ശ്രേഷ്ഠ അനുഭവമാണ്.

നമ്മുടെ ചിന്തകൾ ഒരു പ്രത്യേക വിഷയത്തിൽ കേന്ദ്രീകരിക്കുന്നു, അപ്പൊസ്തലന്മാരും ആ ചിന്തയോടുകൂടിയാണ് യേശുവിനെ അറിയുവാനാഗ്രഹിച്ചത്. യേശുവും അവിടുത്തെ പുനരുത്ഥാനത്തിന്റെ ശക്തിയുമായിരുന്നു അവർക്കും അറിയേണ്ടതായ വിഷയം. കർത്താവായ യേശുക്രിസ്തുവിന്റെ പുനരുദ്ധാനം അത്ഭുതകരമായ തന്റെ ശക്തിയുടെ പ്രദർശനമായിരുന്നു. അപ്പോസ്തലന്മാർ അതിനെ അറിവാനും ഗ്രഹിപ്പാനും ആഗ്രഹിച്ചു. ഇത് ഏറ്റം വിശാലമായ ഒരു വിഷയമാണ്. പൂർണ്ണമായി വിശദീകരിപ്പാൻ കഴിയാത്തതാണ്. അനേക കാര്യങ്ങളുണ്ടെങ്കിലും അവ എല്ലാറ്റെയും കൂടെ നാലു പ്രധാന വിഷയങ്ങളിൽ സംക്ഷേപിക്കുവാൻ ശ്രമിക്കുന്നു.

1. ഒന്നാമതായി തന്റെ ശക്തിയെ തെളിയിച്ചു വെളിപ്പെടുത്തുകയാണ്. ഒന്നാമതായി ഞാൻ അതിനെ ഉറപ്പിക്കുവാൻ ശ്രമിക്കുന്നത് ഒരു രേഖയെ ഉറപ്പിച്ചിരിക്കുന്ന ഒരു മുദ്രയോടാണ്. നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്താൽ തെളിയിക്കപ്പെട്ടത് യേശു മശിഹാ എന്നാണ്. അവിടുന്ന് തന്റെ പിതാവിന്റെ ദൗത്യവുമായി വന്നു. അവിടുന്ന് ദൈവപുത്രൻ ആയിരുന്നു. കർത്താവുമായി യഹോവയായ ദൈവം ഉണ്ടാക്കിയ ഉടമ്പടിയുടെ ഉറപ്പിക്കലും സ്ഥാപനവുമായിരുന്നു. ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽ നിന്നു ജനിക്കയും മരിച്ചിട്ട് ഉയിർത്തെഴുന്നേൽക്കുകയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നു". (റോമർ. 1:5). അന്ത്യോക്യയിൽ പൗലൊസ് പറയുന്നത് ദൈവം പിതാക്കന്മാരോട് ചെയ്ത വാഗ്ദത്തം യേശുവിനെ ഉയിർത്തെഴുന്നേല്പിച്ചതിനാൽ മക്കൾക്ക് നിവർത്തിച്ചിരിക്കുന്നു എന്ന് ഞങ്ങൾ നിങ്ങളോട് സുവിശേഷിക്കുന്നു. " നീ എന്റെ പുത്രൻ ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചു" എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നുവല്ലോ (അ.പ്പൊ. 13:32,33).

ദൈവത്തിൽ നിന്നും ലഭിച്ച ദൗത്യവും തന്റെ ദിവ്യ സ്വഭാവവും നിഷേധിച്ചു

(ശേഷം 4-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

(2-ാംപേജിന്റെ തുടർച്ച)

ഡോ.ജോൺസ്കഡർ: മെഡിക്കൽ മിഷനറി

എന്നത് പർസപരം ഓർത്തുള്ള പ്രാർത്ഥനകൾ മാത്രമായിരുന്നു. ആ കാലഘട്ടത്തിൽ അദ്ദേഹം എഴുതിയ ചിലകത്തുകൾ അദ്ദേഹത്തിന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തുന്നവയായിരുന്നു.

1838-ജൂൺ 27- നീയും മക്കളും സുഖമായിരിക്കുന്നു എന്ന് വിശ്വസിക്കുന്നു. എന്റെ പ്രിയപ്പെട്ടവളേ, നാം അകന്നിരിക്കുന്ന ഈ അവസ്ഥയെക്കുറിച്ച് നീ ആർത്തു വിളിച്ചു സന്തോഷിക്കാൻ ശ്രമിക്കണം. കർത്താവിന്റെ നാമത്തിന്റെ മഹത്വത്തിനായി കഷ്ടം സഹിപ്പാൻ കഴിയുന്നതിൽ നാം സന്തോഷിക്കണം. ഞാൻ വിശ്വസിക്കുന്നു, നാം അതിൽ വളരെ സന്തോഷിക്കുന്നുണ്ട്. അതെ, എത്രത്തോളം നാം അതു ചെയ്യുമോ, അത്രത്തോളം കർത്താവിന്റെ നാമം മഹത്വപ്പെടും. ഞാൻ വീട്ടിൽ ഉണ്ടായിരുന്നപ്പോഴുള്ളതിനേക്കാൾ നിന്റെ പ്രാർത്ഥന വളരെയധികം എനിക്കുവേണ്ടി ഉണ്ട് എന്നും എന്റെ വേലയ്ക്ക് അത് അനുഗ്രഹമായിരിക്കുന്നു എന്നും ഓർത്ത് ഞാൻ സന്തോഷിക്കുന്നു. ഇപ്പോൾ പ്രിയപ്പെട്ടവളേ, എന്റെ മനസ് ക്രിസ്തുവിൽ ഉറച്ചിരിക്കുന്നതുപോലെ നിന്റെ മനസും ആയിരിക്കട്ടെ.കൃപയിൽ വളരുക, അപ്പോൾ എന്റെ അഭാവത്തിലും നിനക്ക് സന്തോഷിപ്പാൻ കഴിയും.

1839 ഡിസംബർ 29 നിന്റെ ആശ്വാസത്തിനും സന്തോഷത്തിനും വേണ്ടി ചിന്തിക്കുക. ഇവിടെ ഞാൻ നിന്നിൽ നിന്നും അകന്നിരിക്കുന്ന വേളയിൽ എന്റെ വായിലൂടെ അനേകവിലപ്പെട്ട ആത്മാക്കൾ യേശുവിനെ കേൾക്കുന്നു. സന്തോഷിക്ക എന്റെ സ്നേഹം അവർക്കുവേണ്ടി.

സുരക്ഷിതമായി കാത്തു

ഡോ.സ്കഡർ ഇൻഡ്യയുടെ സുവിശേഷീകരണത്തിനായുള്ള ഒരു പ്രധാനയാത്രയിൽ തന്റെ ഭാര്യ തന്നെക്കുറിച്ച് വളരെയധികം ഭയപ്പെട്ടിരുന്നതുപോലെ മലമ്പനി ബാധിതനായിത്തീർന്നു. ഇളയകുഞ്ഞുമായി അദ്ദേഹത്തിന്റെ അടുക്കലേയ്ക്ക് അവർ യാത്രതിരിച്ചു. ദുർഘടമായ വനത്തിലൂടെ ദീർഘ ദൂരം രാവും പകലും യാത്ര ചെയ്തു. ഘോര മൃഗങ്ങളുള്ള അപകടപൂർണ്ണമായ യാത്രയായിരുന്നു അത്.

ഒരു രാത്രി ഒരു വനത്തിന്റെ ഏറ്റവും ദുർഘടമായ സ്ഥലത്ത് എത്തി സഹായികളായി കൂടെയുണ്ടായിരുന്നവർ കാട്ടു മൃഗങ്ങളുടെ ഭീകരമായയ ശബ്ദം കേട്ട് അമ്മയെയും കുഞ്ഞിനെയും തനിച്ചാക്കി ഓടിപ്പോയി. ദാനിയേലിനെ സിംഹങ്ങളുടെ വായിൽ നിന്നും രക്ഷിച്ച ദൈവമല്ലാതെ മറ്റാരും കൂടെയുണ്ടായിരുന്നില്ല. നീണ്ട മണിക്കൂറുകൾ ആ ഘോര വനത്തിൽ പ്രാർത്ഥനയോടെ കഴിച്ചുകൂട്ടി. തങ്ങളുടെ ഇരകളെ വലയം വച്ച് അലറി വിളിച്ച്കൊണ്ട് സിംഹ വും ആനയും കടുവയുമെല്ലാം ചുറ്റും നിന്നു. എന്നാൽ അവയെ അകറ്റി നിർത്തി, തനിക്കു പ്രിയപ്പെട്ടവരെ കാക്കുന്ന ദൈവത്തിന്റെ ദൂതന്മാർ അവർക്കും ചുറ്റും നിന്നു. അവർ പേടിച്ച മരണത്തിൽ നിന്നും അവരെ രക്ഷിച്ചു.

രാവിലെ സഹായികൾ തിരിച്ചെത്തി യാത്ര തുടർന്നു. അവർ ഭർത്താവിനെ കണ്ടുമുട്ടുമ്പോൾ അദ്ദേഹം അപകടനിലതരണം ചെയ്തിരുന്നു. മാസങ്ങൾക്കുശേഷമാണ് താൻ ആരോഗ്യവാനായിത്തീർന്നത്.

രോഗസൗഖ്യവും ദു:ഖവും

1842-ൽ സിലോണിലേയ്ക്കും ഇൻഡ്യയിലേക്കും വന്നതിന്റെ ഇരുപത്തിമൂന്ന് വർഷങ്ങൾക്കുശേഷം ഇനിയും തുടരുവാൻ സാദ്ധ്യമല്ല എന്ന യാഥാർത്ഥ്യം സ്കഡർ മനസിലാക്കി. മലമ്പനിയുടെ അണുക്കൾ തന്റെ അവയവങ്ങളിൽ ശേഷിപ്പുണ്ടായിരുന്നു. കഠിനമായ തലവേദന തുടർച്ചയായി തന്നെ ബാധിച്ചു. തന്റെ ഇടതുകൈ പക്ഷാഘാതം പിടിപെട്ട് ഉപയോഗമില്ലാതെ തൂങ്ങി. അമേരിക്കയിലേക്ക് തിരികെ പോകുവാനായി നിർബ്ബന്ധിതനായി. 1842-ഏപ്രിൽ ഒന്നാം തീയതി അദ്ദേഹം തന്റെ ഭാര്യയും നാലുമക്കളുമായി യാത്രതിരിച്ചു. മൂത്ത ആറുമക്കൾ നേരത്തെ അവരുടെ വിദ്യാഭ്യാസാർത്ഥം അമേരിക്കയിലേക്ക് പോയിരുന്നു ആഗസ്റ്റ് 11-ാം തീയതി അവർ ഫിലദെൽഫിയയിൽ എത്തി.

വിശ്രമത്തിനായിട്ടാണ് വീട്ടിൽ എത്തിയത് എങ്കിലും അങ്ങനെ അലസനായിരിപ്പാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അമേരിക്കയിലായാലും ഇൻഡ്യയിലായാലും തന്റെ ഇഷ്ട ദൗത്യമായ ആത്മാക്കളെ നേടുന്ന ശുശ്രൂഷയിൽ അദ്ദേഹം വ്യാപൃതനായിരുന്നു. അത് അദ്ദേഹത്തിന്റെ തുടർച്ചയായ അനുഭവമായിരുന്നു. അദ്ദേഹത്തിന്റെ മകൻ പറഞ്ഞു. ആത്മാക്കളെ ദൈവത്തിങ്കലേയ്ക്ക് നടത്തുന്നതിൽ അദ്ദേഹം വ്യാപൃതനായിരുന്നു. സാധാരണ മനുഷ്യരോട് വഴിയോരക്കച്ചവടക്കാരോട് ദാസനോട് അപരിചിതനോട് കൂട്ടുകാരോട് എല്ലാം കറുത്തവൻ എന്നോ വെളുത്തവൻ എന്നോ പ്രായം കൂടിയവനെന്നോ പണക്കാരൻ എന്നോ പാവപ്പെട്ടവൻ എന്നോ വ്യത്യാസമില്ലാതെ എല്ലാവരോടും യേശുവിനെക്കുറിച്ചും അവിടുത്തെ രക്ഷയെക്കുറിച്ചും സംസാരിച്ചു. അനേകരെ മാനസാന്തരത്തിലേയ്ക്ക് നടത്തി.

സന്തോഷവനായി അമേരിക്കയിൽ വേലയിൽ വ്യാപൃതനായിരിക്കുമ്പോഴും താൻ വളരെയധികം സ്നേഹിച്ച ഇൻഡ്യയെയും അതിലെ വേലയെയും നിരന്തരം ഓർത്തിരുന്നു. ഇൻഡ്യയെപ്പോലെ മറ്റൊരു രാജ്യമില്ല എന്ന് അദ്ദേഹം പറഞ്ഞു.

നാലു വർഷങ്ങൾക്കുശേഷം തിരികെ മദ്രാസിലേക്കു പോകത്തക്കവണ്ണം തന്റെ ആരോഗ്യം മെച്ചപ്പെട്ടു. 1846 നവംബർ 18-ാം തീയതി തന്റെ ഭാര്യയുമായി യാത്രതിരിച്ചു 1847 മാർച്ചിൽ മദ്രാസിൽ എത്തി തന്റെ പ്രവൃത്തിയിൽ വ്യാപൃതനായി.

കഷ്ടിച്ചു മൂന്നു വർഷത്തിനുശേഷം ഒരു വലിയ ആഘാതം തന്റെ ജീവിതത്തിലുണ്ടായി. 1849 നവംബർ 19-ൽ ഒരു ചെറിയ അസുഖം ബാധിച്ച് മുപ്പത് വർഷത്തിലധികം തന്റെ സന്തോഷവും ആശ്വാസവുമായിരുന്ന തന്റെ ഭാര്യ തന്നിൽ നിന്നും എടുക്കപ്പെട്ടു. അതിന്റെ മേൽ മറ്റൊരു ദു:ഖവും തന്റെ മേൽ വന്നു. ശുശ്രൂഷയ്ക്കായി അമേരിക്കയിലെ പ്രിൻസ്റ്റണിൽ പഠിച്ചുകൊണ്ടിരുന്ന തന്റെ മകൻ സാമുവേൽ തന്റെ അമ്മയുടെ മരണത്തിന് മൂന്ന് ദിവസം മുമ്പ് താൻ പ്രിയംവച്ചിരുന്ന ദൈവസന്നിധിയിൽ ചേർക്കപ്പെട്ടിരുന്നു.

വേദനയാൽ ദു:ഖിക്കുമ്പോൾ തന്നെ അനുഗൃഹീതനായ മിഷനറിവര്യന്റെ ദൗത്യത്തിന് ഭംഗവരുത്തുവാൻ കഴിയാതെ താൻ വീണ്ടും വേലയിൽ കർമ്മനിരതനായി. നാലു വർഷങ്ങൾക്കുശേഷം വീണ്ടും തന്റെ ആരോഗ്യസ്ഥിതി മോശമായി. മറ്റൊരു അമേരിക്ക യാത്രയ്ക്കായി താൻ നിർബ്ബന്ധിക്കപ്പെട്ടു. എന്നാൽ അതിനെ നിരസിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. ഞാൻ ഇൻഡ്യയിൽ മരിക്കുവാനും എന്റെ പ്രിയപ്പെട്ട ഭാര്യയുടെ അടുക്കൽ അടക്കപ്പെടുവാനും ഞാൻ ആഗ്രഹിക്കുന്നു.

(ശേഷം 8-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ക്രൂശിക്കപ്പെട്ട യേശുവിനെ നോക്കുക

എന്താണ് ഞാൻ കണ്ടത്.

1. ഞാൻ ഇവിടെ തിരിച്ചറിഞ്ഞത്, മനുഷ്യന്റെ സ്വഭാവത്തിന്റെ ഒരു പ്രദർശനമാണ്. സകലത്തേയും കുറിച്ചു വെളിച്ചത്താൽ ബോധം വരും; ബോധം വരുന്നവയെല്ലാം വെളിച്ചംപോലെ തെളിവല്ലോ (എഫെ 5:13). “ഇപ്പോൾ യേശു സത്യവെളിച്ചം ആകുന്നു” (യോഹ. 1:9). അടിസ്ഥാനപരമായ, ദിവ്യമായ എല്ലാം വെളിപ്പെടുത്തുന്ന വെളിച്ചം. പരിണതഫലം എന്നത്, എല്ലാവരും, എല്ലാ കാര്യങ്ങളും അവിടത്തെ പ്രകാശത്താൽ വെളിച്ചത്തുവരുന്നു. തിരുവചനം പറയുന്ന മനുഷ്യന്റെ പാപസ്വഭാവങ്ങൾ എല്ലാം തന്നെ ക്രിസ്തുവിന്റെ നാളിൽ വെളിപ്പെട്ടുവരും. ദൈവം അരുളിച്ചെയ്യുന്നത്, “മനുഷ്യന്റെ ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവും ഉള്ളത്” (യിരെ. 17:9). എന്നാൽ അവിടുത്തെ പുത്രന്റെ ഇടപെടലിനാൽ അതു നന്നാവുന്നു എന്ന് ഇവിടെ കാണിക്കുന്നു. ദൈവത്തിന്റെ നിത്യമായ പ്ലാനിൻപ്രകാരം അവിടുന്ന് നമുക്കുവേണ്ടി മരിച്ചു. ആത്മാവിന്റെയും ശരീരത്തിന്റെയും വീണ്ടെടുപ്പിനുള്ളത് അവിടുന്ന് ചെയ്തു. യേശു പറഞ്ഞത്, “കുറുനരികൾക്ക് കുഴികളും ആകാശത്തിലെ പറവകൾക്ക് കൂടും ഉണ്ട്. മനുഷ്യപുത്രനോ തല ചായ്പാൻ ഇടമില്ല” (മത്താ. 8:20). പട്ടണമെല്ലാം പുറപ്പെട്ട് യേശുവിന് എതിരേ വന്നു; “അവനെ കണ്ടാറെ തങ്ങളുടെ അതിർ വിട്ടുപോകേണമെന്ന് അപേക്ഷിച്ചു” (മത്താ. 8:34).

ക്രിസ്തു ഇവിടെ നിരസിക്കപ്പെടുക മാത്രമല്ല, ആളുകൾ അവിടുത്തെ കാരണം കൂടാതെ വെറുക്കുകയും ചെയ്തു (യോഹ. 15:25). ക്രിസ്തു എപ്പോഴും എല്ലാവരെയും സ്നേഹിച്ചു. എന്നാൽ ലോകം അവിടുത്തെ ആദരിച്ചില്ല. ദൈവവചനം പറയുന്നത്, “ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു” (റോമർ 8:7). മനുഷ്യൻ അത് വിശ്വസിക്കുന്നില്ല. പലരും അതിനെ എതിർക്കുകയും ചെയ്യുന്നു. എന്നിരുന്നാലും കാൽവറിയിൽ നടന്ന സംഭവങ്ങൾ അവർക്ക് അനിഷേധ്യമായ തെളിവുകളായി മനുഷ്യൻ തന്റെ ശ്രദ്ധയും ബഹുമാനവും ദൈവത്തിന് കൊടുക്കുവാനാഗ്രഹിക്കുന്നു, പക്ഷേ അത് തങ്ങളുടെ ഭാവനയ്ക്ക് അനുസരിച്ചുള്ള ദൈവം മാത്രമാണ്. അവർ ജീവനുള്ള സത്യ ദൈവത്തെ വെറുക്കുന്നു, സാദ്ധ്യമെങ്കിൽ പ്രപഞ്ചത്തിലുള്ള അവിടുത്തെ ആസ്തിത്വത്തെയും നിഷേധിക്കുന്നു. അത് ക്രിസ്തുവിനോടുള്ള അവരുടെ പ്രവൃത്തിയിൽ നിന്നും വ്യക്തമാക്കുന്നു. എന്നാൽ അവിടുന്ന് ജഡത്തിൽ വെളിപ്പെട്ട ദൈവമാണ് (1തിമൊ. 3:16). അവനെ അവർ വെറുത്തു മരണത്തിനേല്പിച്ചു. അവിടുന്ന് വരിച്ച ക്രൂരമായ മരണം അവരുടെ സമാധാനത്തിനുതകുന്നതാണ്. കാൽവറിയിൽ നാം കാണുന്നത് മനുഷ്യന്റെ ഏറ്റവും ക്രൂരമായ സ്വഭാവവും അവന്റെ ഹൃദയത്തിൽ ഉറഞ്ഞു കിടക്കുന്ന ദുഷ്ടതയുമാണ്. അത് കാണിക്കുന്നത് ഏതു നീചമായ കുറ്റവും ചെയ്യുവാൻ അവൻ പ്രാപ്തനാണ് എന്നതാണ്. നമുക്ക് അതിൽ അത്ഭുതപ്പെടേണ്ട കാരണം മനുഷ്യചരിത്രം എഴുതപ്പെട്ടിരിക്കുന്നതു തന്നെ കണ്ണുനീരിലും രക്തത്തിലുമാണ്.

2. രണ്ടാതമതായി ഞാൻ ഇവിടെ ശ്രദ്ധിച്ചത്. പാപത്തിന്റെ പ്രദർശനമാണ്. പാപം! ഒരു അറയക്കപ്പെട്ട കാര്യമാണ് . കർത്താവ് അതിനെ വെറുക്കുന്നു (യിരെ. 44:4). എന്നാൽ പാപം ചെയ്യുന്നവൻ അതിനെ വളരെ ലഘുവായിട്ടാണ് കാണുന്നത്. പാപം! അത് നമ്മുടെ ആദ്യമാതാപിതാക്കന്മാരെ ഏദെനിൽ നിന്നും പുറത്താക്കി. ലോകത്തിലെ എല്ലാ ആവശ്യങ്ങളുടെയും കഷ്ടതയുടെയും കാരണം അതാണ്. പാപം! അത് പ്രശ്നങ്ങളും രക്തച്ചൊരിച്ചിലുകളും ഉണ്ടാക്കുന്നു, ജീവനുള്ളവരുടെ ദേശത്തു നിന്നും ആളുകളെ പിന്തിരിപ്പിക്കുന്നു, സെമിത്തേരിയിലേക്കു ആളുകളെ നടത്തുന്നു! പാപം! അതു ഒരു വികൃത ജീവി, അതു കേൾക്കുമ്പോൾ ആളുകൾ വെറുക്കുന്നു എങ്കിലും വിവിധ വ്യാഖ്യാനങ്ങൾ അതിന് കൊടുത്തു അതിന്റെ തിക്ത അനുഭവങ്ങളെ ലഘൂകരിച്ച് ഏത് ഒഴികഴിവിനും തയ്യാറാക്കുന്നു. പാപം! സാത്താൻ അതിനെ വിവിധ നിറങ്ങളിൽ അതിനെ ഏറ്റവും ആകർഷകമാക്കിത്തീർക്കുന്നു.

ജഡാവതാരത്തിന്റെ രൂപരേഖയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് ഇരുളിൽ മറഞ്ഞിരിക്കുന്നതിനെ പുറത്തു കൊണ്ടു വരിക എന്നതാണ്. പരിശുദ്ധനായവന്റെ സാന്നിദ്ധ്യം ഇവിടെ വെളിച്ചമായി വ്യാപരിച്ചിട്ട് ദീർഘകാലമായി അടഞ്ഞിരിക്കുന്ന മുറികളെ തുറന്ന് അതിലെ അഴുക്കുകളെ പുറത്തുകൊണ്ടുവരുന്നു. “ഞാൻ വന്ന് അവരോട് സംസാരിക്കാതിരുന്നു എങ്കിൽ അവർക്ക് പാപം ഇല്ലായിരുന്നു; ഇപ്പോഴും അവരുടെ പാപത്തിന് ഒഴികഴിവില്ല”. (യോഹ. 15:22).

മുകളിലത്തെ വേദഭാഗത്തിൽ യേശു താരതമ്യം ചെയ്യപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ ചരിത്രത്തിലുട നീളം അവന്റെ ദുഷ്ടത വെളിപ്പെട്ടിരിക്കുന്നു. എന്നാൽ ജഡത്തിൽ വെളിപ്പെട്ട ക്രിസ്തു ഏതു കഠിനപാപത്തെയും ശുദ്ധീകരിച്ചു യോഗ്യരാക്കിത്തീർക്കുന്നു.

3. ഞാൻ ഇവിടെ കണ്ട മറ്റൊരു കാര്യം, ദൈവത്തിന്റെ സ്വഭാവം ഇവിടെ വെളിപ്പെട്ടിരിക്കുന്നു. ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു, എന്നാൽ കാൽവറി ക്രൂശിൽ ദൈവത്തിന്റെ മഹാസ്നേഹം ഐശ്വര്യമായി വെളിപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ വിശുദ്ധി ഇവിടെ കാണാം. ദൈവത്തിന്റെ വിശുദ്ധിയും സ്നേഹവും സകല ദുഷ്ടതയേയും ഇല്ലാതാക്കുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുചെയും അകൃത്യം അവന്റെ മേൽ ചുമത്തി. (യെശ. 53 :6). നമ്മുടെമേൽ വരുവാനുള്ള ശിക്ഷ ദൈവം തന്റെ പുത്രന്റെമേൽ ചുമത്തി. “ദോഷം കണ്ടുകൂടാത വണ്ണം നിർമ്മല ദൃഷ്ടിയുള്ളവനും പീഡനം കാണ്മാൻ കഴിയാത്തവനുമായുള്ളോവേ” (ഹബ. 1:13). പാപികൾക്ക് തന്റെ മുഖം കാണിക്കാതെ ദൈവം അവർക്കു പുറം കാണിച്ചു കൊടുക്കുന്നു. എന്റെ ദൈവമേ എന്നെ കൈവിട്ടതെന്ത്?

ദൈവത്തിന്റെ മാറ്റമില്ലാത്ത നീതിയെ ഇവിടെ കാണുന്നു. ദൈവത്തിന്റെ മാറ്റമില്ലാത്ത നിയമം എന്നത്, “പാപം ചെയ്യുന്ന ദേഹി മരിക്കും” (യെഹെ. 18:4). ദൈവത്തിന്റെ പ്രമാണം മാറ്റമില്ലാത്തതാണ്, കുറ്റമുള്ളവനെ വെറുതെ വിടാതെ “പിതാക്കന്മാരുടെ അകൃത്യം മക്കളുടെമേലും മക്കളുടെ മക്കളുടെമേലും മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം സന്ദർശിക്കുന്നവൻ” (പുറ.34:7). ഒരു കുഞ്ഞാടിനെ തെരഞ്ഞെടുക്കുമ്പോൾ യാതൊരു വിധത്തിലുള്ള വിട്ടുവീഴ്ചയുമില്ലാതെയാണ് തെരഞ്ഞെടുക്കേണ്ടത്. “നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാട്” (1പത്രൊ. 1:19). ക്രിസ്തു പ്രകൃതിയാലും പ്രവർത്തിയാലും

(ശേഷം 7-ാം പേജിൽ)

(3-ാം പേജിന്റെ തുടർച്ച)

പുനരുദ്ധാനത്തിന്റെ ശക്തി

കൊണ്ട് ആർക്കും യേശുവിന്റെ പുനരുദ്ധാനത്തെ പ്രസംഗിക്കുവാൻ കഴിയുന്നതല്ല. പത്രൊസും യോഹന്നാനും ധൈര്യത്തോടെ പ്രഖ്യാപിക്കുന്നത്, ദൈവം മരണത്തിൽ നിന്നും ഉയിർപ്പിച്ച ഇവൻ ജീവന്റെ ഉറവിടമത്രേ. പരിഹസിക്കുന്ന പരീശന്മാർക്ക് ഒരു അടയാളമായി ദൈവം അങ്ങനെ ചെയ്തു. യോനാ മൂന്നു ദിവസം മത്സ്യത്തിന്റെ വയറ്റിൽ ആയിരുന്നതുപോലെ ഭൂമിയുടെ ഹൃദയത്തിൽ മൂന്നു ദിവസം മനുഷ്യപുത്രൻ ആയിരുന്നു. തന്റെ ഉയിർത്തെഴുന്നേൽപ് വ്യക്തമാക്കുന്നത് അവിടുന്ന് ദൈവത്താൽ അയയ്ക്കപ്പെട്ടു എന്നാണ്. ദൈവശക്തി തന്നോടൊപ്പമുണ്ടായിരുന്നു. ലോകസ്ഥാപനത്തിനു മുമ്പേ അവിടുന്ന് പിതാവിനോടുകൂടെ ഉടമ്പടിയിൽ പ്രവേശിച്ചു. അതിൽ തന്റെ ഭാഗമായ വീണ്ടെടുപ്പിന്റെ വേല കാൽവറി ക്രൂശിൽ താൻ പൂർത്തിയാക്കി. തന്റെ പുനരുത്ഥാനത്തിന്റെ ഭാഗം നിരവേറ്റി ഉടമ്പടിയെ ഉറപ്പിക്കുകയാണ് ഇവിടെ യേശു ചെയ്തത്. തന്റെ രക്തം നിത്യമായ ഉടമ്പടിയുടെ രക്തമാണ്. തന്റെ പുനരുത്ഥാനം ആ ഉടമ്പടിയുടെ ഉറുപ്പിക്കലാണ്. "ക്രിസ്തുമരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും ജീവ ന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ" (റോമർ. 6:4).

പുനരുത്ഥാന ശക്തിയെ വീണ്ടും നോക്കുക. അത് തെളിയിക്കുന്നത് ആ വിശ്വാസം ഒരിക്കലായി വിശുദ്ധന്മാർക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. തെറ്റിക്കൂടാത്ത തെളിവുകളാൽ അത് ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ദൈവപുത്രനും നസറേത്തുകാരനുമായവന്റെ അധികാരവും ശക്തിയും മഹത്വവും ഇവിടെ വെളിപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങളെ പ്രബോധിപ്പിക്കന്നത്, അപ്പോസ്തലന്മാർക്കുണ്ടായിരുന്ന ഈ ഉറപ്പിനെയും ധൈര്യത്തേയും ശ്രദ്ധിക്ക. ഈ തെരഞ്ഞെടുക്കപ്പെട്ട സാക്ഷികൾ പുനരുത്ഥാന ശേഷം യേശുവിനെ കണ്ടു. അതിലൊരുവനായ തോമസ് ആ ആണിപ്പഴുതിലേയ്ക്ക് വിരൽ ഇട്ടു. അവനെ തൊട്ടു. മറ്റുള്ളവരെ അവിടുത്തോടുകൂടെ തിന്നുകയും കുടിക്കയും ചെയ്തു. അവൻ മരിച്ചവനായിരുന്നു എന്ന് അവർ അറിഞ്ഞു, അവന്റെ അടക്കത്തിൽ അവർ ഉണ്ടായിരുന്നു. അവൻ വീണ്ടും ജീവിച്ചിരിക്കുന്നു എന്ന് അവർ അറിഞ്ഞു. അവിടുത്തെ സംസാരം അവർ കേട്ടു. വറുത്ത മീനും തേൻകട്ടയും അവിടുന്ന് അവരോടൊപ്പം ഭക്ഷിക്കുന്നത് അവർ കണ്ടു! വസ്തുത അവർക്ക് വ്യക്തവും എന്നാൽ അത്ഭുതകരവുമായിരുന്നു. പത്രൊസും മറ്റുള്ളവരും ഒരുപോലെ വിളിച്ചു പറഞ്ഞു. "ഈ യേശുവിനെ ദൈവം ഉയിർത്തെഴുന്നേല്പിച്ച; അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു" (അ.പ്ര. 2:32). അവർ കണ്ട മനുഷ്യൻ കാൽവറി ക്രൂശിൽ മരിച്ച് എന്നും വീണ്ടും ജീവിച്ചിരിക്കുന്നു എന്നും അവർ ഉറപ്പുള്ളവരാണ്. തങ്ങൾ കണ്ട ഉയിർത്തെഴുന്നേറ കർത്താവിനെ പരീക്ഷിച്ചറിയുവാനും അവർക്കു കഴിഞ്ഞു. അവരുടെ ധൈര്യത്തിലും അവരുടെ സാക്ഷ്യവചനത്തിലും അവരുടെ ശത്രുക്കൾ പോലും അത്ഭുതപ്പെട്ടു. ഒരു സംശയവും അവർക്കുണ്ടായിരുന്നില്ല. യേശു മരിച്ചു എന്ന് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റു എന്നും അവർക്കുള്ള ഉറപ്പിനാൽ അവിടുന്ന് മശിഹായും മാനവജാതിയുടെ രക്ഷകനാണെന്നും അവർ വിശ്വസിച്ചു.

വൈരുദ്ധ്യങ്ങളെയും ഉപദ്രവങ്ങളെയും മരണത്തെപ്പോലും അവർ കാര്യമാക്കിയില്ല. തങ്ങൾക്ക് ഏറ്റം നിശ്ചയമായ കാര്യത്തെ സംശയിപ്പാൻ അവർക്ക് എങ്ങനെ കഴിയും? തങ്ങളുടെ പ്രിയപ്പെട്ടവനെക്കുറിച്ചുള്ള വ്യക്തമായ സാക്ഷ്യം ആർക്ക് എങ്ങനെ മറച്ചുവയ്ക്കാൻ കഴിയും? അവരോ അവരുടെ വിലയേറിയതായി തോന്നിയില്ല്. ദൈവവചനത്തിന്റെ സത്യത്തെ അവർ ശക്തിയോടെ സാക്ഷ്യം വഹിച്ചു. നഷ്ടങ്ങൾ അവർക്ക് ലാഭമായി തോന്നി. അവരുടെ വിശ്വാസത്തെ തള്ളിപ്പറയുവാൻ അവർക്ക് കഴിഞ്ഞില്ല. അവരിൽ പലരും ക്രൂശിൽ തറയ്ക്കപ്പെട്ടു. ചുട്ടെരിക്കപ്പെട്ടു. ക്രിസ്തുവിലുള്ള അവരുടെ ധൈര്യത്തെ ഒടുക്കിക്കളയുവാൻ അവരുടെ ശത്രുക്കൾക്ക് കഴിഞ്ഞില്ല. നൂറ്റാണ്ടുകളായി അനേകർ രക്തസാക്ഷികളായി. എങ്ങനെയാണ് സുവിശേഷം അവർക്ക് അത്ഭുതകരമായി തോന്നിയത് തങ്ങളുടെ കർത്താവിലുള്ള നിത്യമായ ജീവനാണ് അവരെ സ്വാധീനിച്ചത്.

അങ്ങനെ നമ്മുടെ കർത്താവിന്റെ പുരുദ്ധാനം ഒരു തെളിയിക്കുന്ന ശക്തിയായി അവർക്ക് വെളിപ്പെട്ടു. അത് നിങ്ങളും അറിയണം എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾക്കുവേണ്ടി മരിച്ചവൻ ജീവിക്കുന്നു. അവിടുന്ന് നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു.

2. അടുത്തതായി നാം നമ്മെ നീതീകരിക്കുന്ന തന്റെ പുനരുദ്ധാനത്തിന്റെ ശക്തിയിൽ ജീവിക്കുന്നു.

ക്രിസ്തു നമുക്കു പകരമായി യാഗമായിത്തീർന്നു. അവിടുന്ന് നമുക്ക് പകരമായി ഏല്പിച്ചുകൊടുത്തു ന്യായപ്രമാണത്തിന്റെ നീതിയെ നിവർത്തിച്ചു. അവിടുന്ന് നമുക്കുവേണ്ടി മരിച്ച് അടക്കപ്പെട്ടു. നമുക്കുവേണ്ടി ചെയ്യുവാൻ ഒന്നും ബാക്കിവച്ചിട്ടില്ല. പ്രിയസഹോദരീ സഹോദരന്മാരേ, നിങ്ങളുടെ ഹൃദയം സന്തോഷിക്കട്ടെ. നിങ്ങൾ അടച്ചു തീർക്കേണ്ട പാപത്തിന്റെ പിഴ അവിടുന്ന് അടച്ചു തീർത്തു. ഇതാ നിങ്ങളുടെ ഉയിർത്തെഴുന്നേറ്റ കർത്താവ്!

അവിടുന്ന് ക്രൂശിൽ പ്രഖ്യാപിച്ചു, സകലവും നിവർത്തിയായി, അവിടുത്തെ വചനം സത്യമാണ്. അവിടുത്തെ രക്ഷയുടെ വസ്ത്രം ധരിക്കൂ. ആ നീതിയുടെ വസ്ത്രം സന്തോഷത്തോടെ ധരിക്കൂ. ക്രിസ്തുവിൽ നിങ്ങൾ നീതീകരിക്കപ്പെട്ടിരിക്കുന്നു. വിശ്വക്കുന്ന ഏവർക്കും നീതി ലഭിക്കുവാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു. റോമർ 10:4. " വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട് " (റോമർ. 5:1).

അവിടുത്തെ പുനരുത്ഥാനം നമ്മുടെ പാപക്ഷമനമ്മെ നീതീകരിക്കുക മാത്രമല്ല, നമുക്ക് പൂർണ്ണ അംഗീകാരവും പ്രഖ്യാപിക്കപ്പെട്ടു. സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ (എഫെ.1:6).

3. മൂന്നാമതായി ശ്രദ്ധിക്കുക, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തി ജീവദായകമാണ്.

പുനരുത്ഥാനത്തന്റെ ശക്തികാണിക്കുന്നത് അവനിൽ ജീവൻ ഉണ്ട് എന്നാണ്. കർത്താവ് പറഞ്ഞത് ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു " (യോഹ. 11:25) എന്നാണ്. ക്രിസ്തുവും ജീവനും രണ്ടല്ല. നിങ്ങൾക്ക് യേശുവുണ്ടെങ്കിൽ നിങ്ങൾക്ക് പുരനദ്ധാനവും ഉണ്ട്. തന്റെ ജനത്തിനു കൊടുക്കുവാനുള്ള ശക്തി തന്റെ പക്കലുണ്ട്. അവനിൽ സർവ്വസ

(ശേഷം 7-ാംപേജിൽ)

(5-ാം പേജിന്റെ തുടർച്ച)

ക്രൂശിക്കപ്പെട്ട യേശുവിനെ നോക്കുക

പാപമില്ലാത്തവൻ എങ്കിലും തന്റെ ജനത്തിന്റെ പാപം മുഴുവനും പിതാവ് പുത്രന്മേൽ ചുമത്തി. “സ്വന്ത പുത്രനെ ആദരിക്കാതെ നമുക്കുവേണ്ടി ഏല്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ”? (റോമർ 8:32). കാരണം പാപം അവന്റെ മേൽ ചുമത്തി, ശിക്ഷ അവന്റെ മേൽ ആയി, അതുകൊണ്ട് ദൈവം വിളിച്ചു പറയുന്നത്, വാളേ, എന്റെ ഇടയന്റെ നേരെയും എന്റെ കൂട്ടാളിയായ പുരുഷന്റെ നേരെയും ഉണരുക എന്ന് സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാടു. “ ആടുകൾ ചിതറിപ്പോകേണ്ടതിന് ഇടയനെ വെട്ടുക, ഞാൻ ചെറിയവരുടെ നേരെ കൈ തിരിക്കും” (സെഖ. 13:7). തന്റെ അധികാരത്തിന്റെ മഹത്വം കുറയുവാൻ അവിടുന്ന് സമ്മതിക്കയില്ല. തന്റെ അവകാശവാദങ്ങൾ ബുദ്ധിയുള്ളവയായിരിക്കുന്നു. “മുഖപക്ഷം കൂടാതെ വിധിക്കുന്നവൻ” (1പത്രൊ. 1:17). കാൽവറിയിൽ തന്റെ പുത്രനെ ആദരിക്കാതെ നമ്മോടുള്ള സ്നേഹം വെളിപ്പെടുത്തി.

ദൈവത്തിന്റെ അത്ഭുതകരമായ കൃപ ഇവിടെ കാണാം. “ ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു ” (റോമർ. 5:8). മനുഷ്യകുലം മുഴുവനും നാശത്തിന് അധീനരായിരുന്നു. അതിൽ നിന്നാണ് യേശു നമ്മെ രക്ഷിച്ചത്. പ്രകൃതിയാൽ നാം പാപികളായിരുന്നു, തെറ്റിപ്പോയിരുന്നു. ദൈവത്തോട് മത്സരികളായിരുന്നു. ദൈവത്തെ സ്നേഹിച്ചില്ല. ദൈവമഹത്വത്തെ സംബന്ധിച്ച് ചിന്തയില്ലാത്തവരായിരുന്നു. എന്നാൽ കൃപയാൽ മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കുവാൻ ദൈവം തീരുമാനിച്ചു. നമുക്കു സൗജന്യമായി നൽ കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻ നിയമിക്കയും ചെയ്തു”. (എഫെ.1:6). തീയിൽ നിന്നും വലിച്ചെടുത്തു രക്ഷിക്കുവാനായി അവിടുന്നു തീരുമാനിക്കയായിരുന്നു. പുറമേയുള്ള യാഗങ്ങൾ മനുഷ്യന്റെ കഠിനമായ പാപങ്ങൾക്ക് പരിഹാരമാകുന്നില്ല എന്ന് കണ്ട് ഏറ്റവും തൃപ്തികരമായ പരമയാഗം ദൈവം മനുഷ്യകുലത്തിനുവേണ്ടി ഒരുക്കുകയായിരുന്നു. “സർവ്വകൃപാലുവായ ദൈവം ” (1പത്രൊ.5:10). വർണ്ണിക്കാൻ കഴിയാത്ത സ്നേഹത്താൽ നമ്മെ സ്നേഹിച്ചു. എന്നാൽ ഇപ്പോൾ തന്റെ കൃപയുടെ അത്യന്ത ധനത്തെ (എഫെ. 2:7) ധാരാളമായും അത്ഭുതകരമായും കാൽവറി ക്രൂശിലൂടെ നമുക്ക് വെളിപ്പെടുത്തി.

ദൈവത്തിന്റെ ജ്ഞാനം ഇവിടെ വെളിപ്പെട്ടിരിക്കുന്നു. സത്യത്തിന്റെ വചനം വിളിച്ചു പറയുന്നത്, “ കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധാത്മായത് യാതൊന്നും മ്ലേച്ഛമായതും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല” (വെളി. 21:27). എന്നാൽ എനിക്ക് എന്നെങ്കിലും സ്വർഗ്ഗീയ യറുശലേമിൽ പ്രവേശിപ്പാൻ കഴിയുമോ? പാപിയായൊരു മനുഷ്യൻ, അനീതിയിൽ ജീവിക്കുന്നവൻ, നിത്യമായ ആ അവകാശം പ്രാപിപ്പാൻ കഴിയുമോ? ന്യായപ്രമാണം പറയുന്നത് പാപം ചെയ്യുന്ന ദേഹി മരിക്കും. എങ്കിൽ എനിക്ക് എങ്ങനെ പാപത്തിന്റെ ശിക്ഷയിൽ നിന്നും വിടുതലെടുക്കുവാൻ കഴിയും? ഞാൻ ഒരു ആത്മീയ ദരിദ്രൻ എങ്കിൽ എനിക്കുവേണ്ടി ആർ മറുവില കൊടുക്കും?

അത് മനുഷ്യനെക്കൊണ്ട് പരിഹരിപ്പാൻ കഴുയിന്ന കാര്യമല്ല. എന്നാൽ കാൽവറിയിൽ രക്ഷയ്ക്കുവേണ്ടിയുള്ള നിറപ്പകിട്ടാർന്ന പദ്ധതികൾ പൂർത്തിയാക്കപ്പെട്ടിരിക്കുന്നു, “ ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു, നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു” (സങ്കീ. 85:10). ദൈവത്തിന്റെ നീതി പൂർത്തിയാക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ പൂർത്തിയാക്കപ്പെട്ട ആ പദ്ധതിയിലൂടെ വിശ്വസിക്കയും അനുതപിക്കയും ചെയ്യുന്നവർക്കുവേണ്ടി ദൈവത്തിന്റെ കരുണ ധാരാളമായി നൽകപ്പെടുന്നു. ദൈവത്തിന്റെ കൃപ നീതിയിലൂടെ ഭരണം നടത്തുന്നു. ഏതൊരു കുറ്റവാളിയെയും യേശുവിന്റെ രക്തത്തിന് ശുദ്ധീകരിപ്പാൻ കഴിയും. ദൈവത്തിന്റെ ജ്ഞാനം സൃഷ്ടിയിലും പരിപാലനത്തിലും വെളിപ്പെടുന്നു, ഇപ്പോൾ അത് കാൽവറിയിലും

ക്രിസ്തുവിന്റെ ആളത്വത്തിൽ ഞാൻ ദൈവമുമ്പാകെ അംഗീകരിക്കപ്പെട്ടു. ഞാൻ യഹോവയിൽ ഏറ്റവും ആനന്ദിക്കും എന്റെ ഉള്ളം എന്റെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. മണവാളൻ തലപ്പാവ് അണിയുന്നതുപോലെയും മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നതുപോലെയും അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ചു നീതി എന്ന അങ്കി ഇടുവിച്ചിരിക്കുന്നു” (യെശ. 61:10). പൂർണ്ണമായ നിരപ്പ് പ്രാപിച്ച സഭയ്ക്ക് ഇങ്ങനെ പറയാൻ കഴിയും, എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ സൗഖ്യം വന്നുമിരിക്കുന്നു (യെശ. 53:5). “ നാം പാപ സംബന്ധമായി മരിച്ചു നീതിക്ക് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെയും ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി. അവന്റെ അടിപ്പിണരാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു” (1പത്രൊ. 2:24). വീണ്ടും വിശ്വാസം വ്യക്തിപരമായി ഏറ്റു പറയുന്നത് “ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത് ” (ഗലാ. 2:20).

ഹല്ലേലൂയ്യാ! എത്ര നല്ല രക്ഷകൻ!

❖

(6-ാം പേജിന്റെ തുടർച്ച)

പുനരുദ്ധാനത്തിന്റെ ശക്തി

മ്പൂർണ്ണതയും വസിക്കുന്നു (കൊലോ. 1:19). “ അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു” (യോഹ. 1:16). തന്റെ സ്വന്തം വചനപ്രകാരം തന്റെ ശക്തി തന്റെ ശരീരത്തിന്റെ (സഭയുടെ) “ എല്ലാ ഭാഗത്തും വ്യാപരിക്കുന്നു. ഞാൻ ജീവിക്കുന്നതുകൊണ്ട് നിങ്ങളും ജീവിക്കും” (യോഹ.14:9).

ഈ ജീവൻ എന്നും നമുക്ക് പുതുജീവനാണ്. നാം യേശുവിൽ വിശ്വസിക്കുമ്പോൾ ഒരു പുതിയ ജീവിതം സ്വീകരിക്കുകയാണ്. മാത്രമല്ല അത് ഒരു ഉന്നത നിലവാരത്തിൽ നമ്മെ എത്തിക്കുന്നു. ആത്മിക ജീവിതം പ്രാകൃത ജീവിതത്തെ പുഷ്ടിപ്പെടുത്തുന്നില്ല. എന്നാൽ ഒരു പ്രത്യേക വഴിയിൽ ആണ് വ്യാപരിക്കുന്നത്. പഴയ ജീവിതം ഭൂമിയിൽ നിന്നുള്ള ആദാമിൽ നിന്നു കിട്ടിയതാണ്. രണ്ടാമത്തേത് സ്വർഗ്ഗീയ ആദാമിൽ നിന്നും കിട്ടിയതാണ്. പഴയ

(ശേഷം 8-ാംപേജിൽ)

(4-ാം പേജിന്റെ തുടർച്ച)

ഡോ.ജോൺസ്കഡർ: മെഡിക്കൽ മിഷനറി

മറ്റൊരു കപ്പൽ യാത്രയ്ക്ക് അദ്ദേഹം നിയോഗിക്കപ്പെട്ടു. 1854-ൽ നവംബറിൽ തന്റെ മകൻ ജോസഫുമായി സൗത്ത് ആഫ്രിക്കയിൽ അദ്ദേഹം എത്തി. തന്റെ ഇഷ്ട ജോലിയായ ദൈവവചനഘോഷണം തുടർന്നു. അനേകർ മാനസാന്തരപ്പെട്ട് കർത്താവിനോട് ചേർന്നു. വലിയ കൂട്ടം ആളുകൾ തന്റെ പ്രസംഗം കേൾക്കുവാൻ വന്നു കൂടികൊണ്ടിരുന്നു. തന്റെ പ്രവർത്തനങ്ങൾ അവിടെ വളരെ അനുഗ്രഹമായി നടന്നു. തന്റെ അവിടെയുള്ള സന്തോഷകരമായ പ്രവർത്തനത്തിന്റെ മദ്ധ്യേ പെട്ടെന്ന് താൻ തന്റെ വീട്ടിലേയ്ക്ക് വിളിക്കപ്പെട്ടു. 1855-ജനുവരി 13-ാം തീയതി ഉച്ചയ്ക്കുശേഷമുള്ള യോഗത്തിനുമുമ്പായി അല്പം വിശ്രമിക്കുവാൻ കിടന്നു, ആഴമായ ഉറക്കത്തിലായി, പിന്നെ അദ്ദേഹം ഉണർന്നില്ല.

ഒരു ദൈവമനുഷ്യൻ കടന്നുപോയി

ഡോ.സ്കഡറും ഭാര്യയും പടുത്തുയർത്തിയ മിഷ്യനറി കുടുംബത്തിനെക്കുറിച്ച് ഒരു വാക്കു പറയാതെ അവരുടെ ചരിത്രം അവസാനിക്കുകയില്ല. അവർക്കു പതിനാലുമക്കൾ പിറന്നതിൽ പത്തുപേർ വളർന്ന് പ്രായപൂർത്തിയിലേക്ക് വന്നു. ഓരോരുത്തർ ജനിക്കുമ്പോഴും അവരെ ദൈവവേലയ്ക്കായി ഓരോരുത്തരേയും പ്രാർത്ഥിച്ച് ഏല്പിച്ചു. അവർ രണ്ടുപേരും തങ്ങലുടെ മക്കൾ കേവലം വിശ്വാസികളായിരിപ്പാൻ മാത്രമല്ല, മിഷനറിമാരായിരിപ്പാൻ സമർപ്പിക്കയും അവർക്കുവേണ്ടി പ്രാർത്ഥിക്കയും അതിനായി അവരെ പരിശീലിപ്പിക്കയും ചെയ്തു. ഓരോരുത്തരായി എട്ടുപേരെ ശുശ്രൂഷയ്ക്കുള്ള ഒരുക്കത്തിനു പഠനത്തിനായി അവർ മടങ്ങി ഇൻഡ്യയിൽ വന്ന് പ്രസംഗിക്കണം എന്ന ലക്ഷ്യത്തോടെ അമേരിക്കയിലേക്ക് അയച്ചു. അവരുടെ വിശ്വാസത്തിനു പ്രതിഫലം കിട്ടി. അമേരിക്കയിൽ പഠനത്തിനിടെ മരിച്ചുപോയ മകനൊഴികെ എല്ലാവരും ദൈവവേലയ്ക്കായി ഇന്ഡ്യയിൽ തിരിച്ചെത്തി.

❖

അവൻ മലയിൽ നിന്നു ഇറങ്ങി വന്നാറെ വളരെ പുരുഷാരം അവനെ പിൻതുടർന്നു. അപ്പോൾ ഒരു കുഷ്ഠരോഗി വന്നു അവനെ നമസ്ക്കരിച്ചു. കർത്താവേ നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കാൻ കഴിയും എന്നു പറഞ്ഞു. അവൻ കൈ നീട്ടി അവനെ തൊട്ടു. (മത്താ. 8:1-3)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(7-ാം പേജിന്റെ തുടർച്ച)

പുനരുദ്ധാനത്തിന്റെ ശക്തി

ജീവിതം ശേഷിക്കുന്നുണ്ട്. പക്ഷേ അത് ഒരു വിധത്തിലുള്ള മരണത്താലാണ്. കർത്താവ് തരുന്ന പുതിയ ജീവൻ, അത് സത്യജീവനാണ്. അത് പുതിയ സൃഷ്ടിയുടെ ഭാഗമാണ്. അത് സ്വർഗ്ഗീയമായവയുമായി നമ്മെ ബന്ധിപ്പിക്കുന്നു.

4. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ സാന്ത്വനിപ്പിക്കുന്ന ശക്തി

ഈ സാന്ത്വനിപ്പിക്കുന്ന ശക്തി എല്ലാ വിശുദ്ധന്മാരിലും പകരപ്പെടുന്നു. ഇവിടെയാണ് നമ്മുടെ ആശ്വാസം. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് ഉയിർത്തെഴുറ്റ രക്ഷകൻ ആകയാൽ അവർ സാന്ത്വനിപ്പിക്കുന്നവർ തന്നെ ആയിരിക്കേണം. അവിടുന്ന് മരിച്ചവരിൽ നിന്നും ആദ്യ ജാതനാണ്. സെമിത്തേരികൾ ആളുകളെ കൊണ്ട് നിറഞ്ഞു. വിലപ്പെട്ട പൊടി ഒത്തുചേർന്നു. അരിമത്യയിലെ ജോസഫിന്റെ കല്ലറയിൽ നിന്നും യേശു ഉയിർത്തെഴുന്നേറ്റതിനാൽ അവനിൽ ഉള്ളവരും നിശ്ചയമായി ഉയിർത്തെഴുന്നേല്ക്കും. നാം പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദു:ഖിക്കുന്നില്ല. ദൈവമക്കളുടെ ആത്മാവ് എവിടെയാണ് എന്ന് നാം അറിയുന്നു. അവർ എപ്പോഴും കർത്താവിനോട്കൂടെയിരിക്കും. ഒഴിഞ്ഞ കല്ലറ പറയുന്നു, "എന്നാൽ ദൈവം ക്രിസ്തുവിനെ ഉയിർപ്പിച്ചതുപോലെ നമ്മെ യും തന്റെ ശക്തിയാൽ ഉയിർപ്പിക്കും" (1 കൊരി. 6:14).

ഈ സത്യം പീഡിപ്പിക്കപ്പെടുന്ന വിശുദ്ധന്മാർക്ക് ധൈര്യം പകരുന്നു. പൗലൊസിന്റെ കാലത്ത് ഒരു വിശ്വാസി വിലപ്പെട്ടവനാണ്. ജയിലിലടക്കുക എന്നത് സാധാരണ പീഢയാണ്. കഷ്ടതയും പീഡയും അവരുടെ അവകാശമായിരുന്നു. ക്രിസ്ത്യാനികൾ സിംഹത്തിന് എന്നത് കളിസ്ഥലത്തെ ഒരു പാട്ടായിരുന്നു. വിശുദ്ധന്മാരെ ഉപദ്രവിച്ച് തീയ് ക്ക് ഇരയാക്കുക എന്നത് ആളുകൾക്ക് ഒരു വിനോദമായിരുന്നു. അത് റോമക്കാരുടെ സന്തോഷമായിരുന്നു. ഇവിടെ വിശുദ്ധന്മാരുടെ സന്തോഷം അവർ ഉയിർത്തെഴുന്നേൽക്കും. കർത്താവിൽ എന്നും സന്തോഷിക്കും! സിംഹഗുഹകളിൽ ജീവനോടെ അടക്കപ്പെട്ടു എങ്കിലും അവർ നശിച്ചുപോകയില്ല. അവർ കർത്താവിനോടുകൂടെ വാഴും.

പുനരുദ്ധാനത്തിന്റെ ശക്തിയെ അനുഭവിച്ചറിയുക

ഈ പുനരുദ്ധാനത്തിന്റെ ശക്തി നിങ്ങളും പ്രാപിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. ധാരാളം ക്രിസ്ത്യാനികൾ ദൈവഭക്തിയുടെ വാചകങ്ങൾ ഉപയോഗിക്കുന്നു. പക്ഷേ പുനരുദ്ധാനത്തിന്റെ ശക്തിയെ അവർ അറിയുന്നില്ല. ആചാര ക്രിസ്ത്യാനികളുണ്ട്; പുറമേ ധാരാളം പ്രകടനങ്ങൾ അവർ ക്കുണ്ട്. ദൈവശക്തിയെ അവർ അറിയുന്നില്ല. മതമൗലികവാദികൾ ധാരാളമുണ്ട്. അവരും ദൈവശക്തിയെ അറിയുന്നില്ല. ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുനനത്, ദൈവശക്തിയെ അനുഭവിച്ചറിയുന്നതുവരെ ദൈവിക സത്യങ്ങളോട് നിങ്ങൾ മത്സരിക്കരുത്. നിങ്ങളുടെ മുമ്പിൽ വയ്ക്കുന്ന ആത്മീയ ആഹാരത്തെ നിങ്ങൾ സ്തുതിക്കരുത്, നിങ്ങളുടെ പോഷണത്തിനായി അത് ഭക്ഷിക്കണം. രക്ഷിക്കുന്ന ദൈവശക്തിയെ അനുഭവമാക്കുന്നതുവരെ നിങ്ങൾ അതിനെ സാക്ഷിക്കു പോലുമരുത്. വരുവാനുള്ള ലോകത്തെ അറിയുവാൻ ദൈവം നിങ്ങൾക്ക് കൃപ ചെയ്യും. കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ, ആമേൻ.

❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975

നമ്പർ .....

വൗച്ചർ

തീയതി.....

പള്ളിച്ചൽ പട്ടികജാതി സർവ്വീസ് സഹകരണസംഘം

(ക്ലിപ്തം) നമ്പർ 4008

മുടവൂർപ്പാറ, വെടിവെച്ചാൻകോവിൽ പി.ഒ.

പേര് .....

വിവരം	രൂപ	സ.

തുക അക്ഷരത്തിൽ ..... പറ്റിയിരിക്കുന്നു.

ആഡിറ്റർ *സെക്രട്ടറി* *ഒപ്പ്*

നമ്പർ .....

വൗച്ചർ

തീയതി.....

പള്ളിച്ചൽ പട്ടികജാതി സർവ്വീസ് സഹകരണസംഘം

(ക്ലിപ്തം) നമ്പർ 4008

മുടവൂർപ്പാറ, വെടിവെച്ചാൻകോവിൽ പി.ഒ.

പേര് .....

വിവരം	രൂപ	സ.

തുക അക്ഷരത്തിൽ ..... പറ്റിയിരിക്കുന്നു.

ആഡിറ്റർ *സെക്രട്ടറി* *ഒപ്പ്*